# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.785 — 11.07.2016-ൽ മറുപടിക്ക്

## ആധാരം രജിസ്റ്റർ ചെയ്യൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരം എഴുത്തുകാരെ ഒഴിവാക്കി, ഭൂമി കൈമാറ്റം ചെയ്യുന്നവർക്ക് സ്വന്തമായി ആധാരം എഴുതി രജിസ്റ്റർ ചെയ്യാനുള്ള സാഹചര്യം ഉണ്ടായതുമൂലം നിലവിൽ കേരളത്തിൽ എന്തെങ്കിലും പ്രതിസന്ധി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01.03.2016 ലെ ഐ.റ്റി.3/30120/10 നമ്പരിലുള്ളതും, 31.05.2016 ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ആധാരം എഴുതിക്കൊടുക്കുന്ന ആൾക്കും എഴുതി വാങ്ങുന്ന ആൾക്കും ആധാരം സ്വന്തമായി തയ്യാറാക്കി രജിസ്ട്രേഷനു ഹാജരാക്കാൻ സാധിക്കും. എന്നാൽ ആധാരം തയ്യാറാക്കുന്നതിൽ നിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ല. മേൽ വിജ്ഞാപനം വന്നതിനുശേഷം രജിസ്ട്രേഷൻ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരെങ്കിലും സ്വന്തമായി എഴുതിയതായി റിപ്പോർട്ടില്ല. എഴുത്തുകാർ സമരം പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ ; | ബി) | സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ആധാര രജിസ്ട്രേഷനുവേണ്ടി നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെയാണ് ഇതിനായി പാലിക്കേണ്ടത്. |
| സി) കേരളത്തിലെ എത്ര ആധാരമെഴുത്തു-കാരെ ഇത് ബാധിക്കുമെന്ന് വിശദമാക്കുമോ ? | സി) | ആധാരം തയ്യാറാക്കുന്നതിൽ നിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ല. എന്നാൽ ധാരാളം ആളുകൾ മുന്നോട്ട് വന്ന് സ്വന്തമായി തയ്യാറാക്കിയാൽ നിലവിലുള്ള എഴുത്തുകാരെ ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ